(എ) സംസ്ഥാനത്ത് എത്ര ഹൈസ്കൂളുകളിലാണ് ഇക്കൊല്ലം പ്ലസ് ടൂ കോഴ്സ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്ലസ് ടൂ കോഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) കാസർഗോഡ് താലൂക്കിൽ എത്ര ഹൈസ്കൂളുകളിലാണ് പ്ലസ് ടൂ കോഴ്സ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) കോളേജുകളിൽ നിന്നും പൂർണ്ണമായും പ്രീഡിഗ്രി വേർപ്പെടുത്തിയ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്കായി കൂടുതൽ പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) ഇക്കൊല്ലം 287 സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചു.

(ബി) ഒരു പ്രദേശത്തിന്റെ വിദ്യാഭ്യാസാവശ്യങ്ങളും. പ്രീഡിഗ്രി വേർപ്പെടുത്തിയപ്പോഴുള്ള സാഹചര്യവും, സ്കൂളുകളുടെ സൗകര്യവും എല്ലാം മാനദണ്ഡങ്ങളാണ്.

(സി) കാസർഗോഡ് ജില്ലയിൽ ഇക്കൊല്ലം അനുവദിച്ച 6 പ്ലസ് ടൂ സ്കൂളുകൾ ഉൾപ്പെടെ മൊത്തം 24 സ്കൂളുകളിൽ പ്ലസ് ടൂ നിലവിലുണ്ട്. താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക് തയ്യാറാക്കിയിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം

57(472) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിലുള്ള അനിശ്ചിതത്വം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; കേസ് തീർപ്പാക്കുന്നതു ത്വരിതപ്പെടുത്താൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഹയർസെക്കന്ററി വിഭാഗം അദ്ധ്യാപകരുടെ ശംബളസ്കെയിൽ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാർട്ട്ടൈം ഫുൾടൈം സ്കെയിലുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ;

(എഫ്) 1998 ആഗസ്റ്റ് മാസത്തിൽ സർവ്വീസിൽ പ്രവേശിച്ച എയിഡഡ് മാനേജുമെന്റ് സ്കൂളുകളിൽ പ്ലസ് ടു ടീച്ചർമാർക്ക് സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(ജി) പാർട്ട്ടൈം ആയി ജോലി ചെയ്യുന്നവരും ഒരു വർഷത്തിനുശേഷം ഫുൾടൈമിനു അർഹത നേടിയവരുമായ പ്ലസ് ടു അദ്ധ്യാപകർക്ക് ഫുൾടൈം സ്കെയിൽ അനുവദിക്കുന്നതിനും ശമ്പള കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂളുകളിൽ സുപ്രീം കോടതി നിർദ്ദേശപ്രകാരം 1997-ലെ റിസ്റ്റിൽ നിന്നും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നുണ്ട്. ഒഴിവാക്കി വരുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഗസ്റ്റ് ലക്ചറർ ആയും നിയമനം നടത്തുന്നുണ്ട്.

(സി) സുപ്രീം കോടതിയിലെ കേസ് അന്തിമവിധിക്കുവേണ്ടി മാറ്റിവെച്ചിരിക്കുകയാണ്. കേസിനാസ്പദമായി നൽകേണ്ടുന്ന വിവരങ്ങളെല്ലാം സർക്കാർ ഭാഗത്തു നിന്ന് നൽകിയിട്ടുണ്ട്.

(ഡി) പാർട്ടൈം-5500-9075, ഫുൾടൈം - 6675 - 10500.

(ഇ) പീരിയഡുകളുടെ അടിസ്ഥാനത്തിൽ പാർട്ട്ടൈം, ഫുൾടൈം തീരുമാനിക്കുകയും ഈ തസ്തികകൾക്കുള്ള സ്കെയിലുകൾ ശമ്പള കമ്മീഷൻ തീരുമാനിക്കുകയും ചെയ്തു.

(എഫ്) ഇതുവരെ ആർക്കും സ്ഥിര നിയമനം നൽകിയിട്ടില്ല. സ്പെഷ്യൽ റൂൾസ് നിലവിൽ വരുമ്പോൾ നിയമനം സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ജി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വി.എച്ച്.എസ്.സി. കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കുന്നതിന് നടപടി

58(473) ശ്രീ. എം. മുരളി :
ശ്രീ. കെ. പി. വിശ്വനാഥൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.സി. പാസാകുന്നവർക്ക് ഏതെല്ലാം ഗവൺമെന്റ് വകുപ്പുകളിൽ ജോലികിട്ടാനുള്ള സാദ്ധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly